സ്കൂളുകളിൽ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി വിഷയങ്ങൾ ഉൾക്കൊള്ളുന്ന ബാച്ചുകൾ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി

43(2951) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസാവകാശ നിയമം അനുസരിച്ചുള്ള ദൂരപരിധിയിൽ വിദ്യാലയങ്ങളില്ലാത്ത സ്ഥലങ്ങളിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുപ്രകാരം എത്ര വിദ്യാലയങ്ങൾ പുതുതായി ആരംഭിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പുതിയ വിദ്യാലയങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

വൈക്കം മണ്ഡലത്തിലെ സ്കൂളുകളിൽ ശൗചിമുറികൾ

44(2952) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഏതൊക്കെ ഹയർസെക്കന്ററി ഹൈസ്കൂളുകളിലാണ് ശൗചിമുറികൾ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ശൗചിമുറികൾ ഇല്ലാത്ത സ്കൂളുകളിൽ ആയത് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും എന്നത്തോടെ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(സി) ശൗചിമുറികൾ പണിയുന്നതിനുവേണ്ടി റോട്ടറി, ലയൺസ് ക്ലബ്ബുകൾ ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളെ പങ്കാളികളാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും ശൗചിമുറികൾ ഉണ്ട്.

(ബി) ശൗചിമുറികൾ കുറവുള്ള സ്കൂളുകൾക്ക് എസ്.എസ്.എ., ആർ.എം.എസ്.എ.,

LIBRARY ARCHIVES Kerala Legislative Assembly

എൽ.എസ്.ജി.ഡി., വിദ്യാഭ്യാസ വകുപ്പ് ഇവ മുഖാന്തരം നിർമ്മാണം നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനും ടോയ്ലെറ്റുകളും യൂറിനലുകളും മറ്റും നിർമ്മിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം ആകെ 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽനിന്ന് വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിന് അനുവദിക്കുകയുണ്ടായി. ടി പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ടി തുകയിൽനിന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുകകൾ വകുപ്പ് റിലീസ് ചെയ്തിട്ടുണ്ട്. ആകെ 74 ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ ടി പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 146 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഹയർസെക്കന്ററി സ്കൂളുകളിൽ ആവശ്യാനുസരണം ശുചിമുറികൾ നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നടത്തുന്നത്.

(സി) പരിശോധിക്കുന്നതാണ്.

കക്കയം ജി.എൽ.പി. സ്കൂളിന് കെട്ടിടം

45(2953) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കക്കയം ജി.എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കാമെന്ന് ബഹു. മന്ത്രി സഭാതലത്തിൽ നൽകിയ ഉറപ്പിനെ തുടർന്ന് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് കൈക്കൊണ്ട നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോടോ തദ്ദേശസ്വയംഭരണ വകുപ്പ് (LSGD) എൻജിനീയറിംഗ് വിഭാഗത്തോടൊ ആവശ്യപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly